"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംബരണ വകുപ്പ്- റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലെ സീനിയർ സൂപ്രണ്ട് തസ്തികയിൽ കണ്ണൂർ ചിറക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. രതീഷ് കുമാർ. പി. വി യുടെ അന്യത്ര സേവന നിയമനം റദ്ദ് ചെയ്തും ടി തസ്തികയിൽ ശ്രീമതി.സുജ. ഇ.എൻ, സീനിയർ സൂപ്രണ്ടിന്റെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ചും - ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (പിപി) വകുപ്പ്**

സ.ഉ.(സാധാ) നം.345/2025/LSGD തീയതി,തിരുവനന്തപുരം, 04-02-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം.1500/2023/തസ്വഭവ തീയതി 22.07.2023
2. സ.ഉ.(സാധാ) നം.1371/2024/തസ്വഭവ തീയതി 27.07.2024
3. സ.ഉ.(സാധാ) നം.2587/2024/തസ്വഭവ തീയതി 31.12.2024
4. ശ്രീ. രതീഷ് കുമാർ. പി. വി പിഎംയു പ്രോജക്ട് ഡയറക്ടർക്ക് സമർപ്പിച്ച 29/07/2024 ലെ അപേക്ഷ
5. പിഎംയു പ്രോജക്ട് ഡയറക്ടറുടെ 08.08.2024 ലെ ഇ1/58/2020/പിഎംയുഎൽഎസ്ജിഡി നമ്പർ കത്ത്
6. പിഎംയു പ്രോജക്ട് ഡയറക്ടറുടെ 11.12.2024 ലെ എ1/336/2020/പിഎംയുഎൽഎസ്ജിഡി നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലെ സീനിയർ സൂപ്രണ്ട് ശ്രീമതി.സുജ .ഇ.എൻ -ന്റെ അന്യത്ര സേവന കാലാവധി 12.07.2024 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. തുടർന്ന് മാതൃവകുപ്പിലേയ്ക്ക് തിരിച്ച് പോകുന്നതിന് ടിയാൾ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് പ്രസ്തുത ഒഴിവിലേക്ക് കണ്ണൂർ ചിറയ്ക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ.രതീഷ്കുമാർ പി.വി.യെ നിയമിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ ശ്രീമതി സുജ ഇ.എൻ, മാതൃ വകുപ്പിലേയ്ക്ക് മടങ്ങി പോകുന്നില്ലെന്നും ടിയാൾ തുടർന്നും റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ അന്യത്ര സേവനത്തിൽ തുടരാൻ

താൽപര്യപ്പെട്ടിട്ടുണ്ടെന്നും പരാമർശം (2) ലെ ഉത്തരവ് റദ്ദ് ചെയ്യണമെന്നും ആവശ്യപ്പെട്ട് ശ്രീ. രതീഷ് കുമാർ. പി. വി സർപ്പിച്ച പരാമർശം(4) ലെ അപേക്ഷ പരിഗണിച്ച് ടിയാനെ നിയമിച്ച പരാമർശം (2) ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്യണമെന്ന് പ്രോജക്ട് ഡയറക്ടർ പരാമർശം (5) പ്രകാരം ശിപാർശ ചെയ്തിരുന്നു

പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ പ്രവർത്തന കാലാവധി 2025 ജൂൺ വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ആയതിനാൽ സീനിയർ സൂപ്രണ്ട് തസ്തികയിലെ ശ്രീമതി. സുജ. ഇ. എൻ ന്റെ കാലാവധി തതനുസൃതമായി ദീർഘിപ്പിച്ചുനൽകണമെന്ന പരാമർശം(4) പ്രകാരം പ്രോജക്ട് ഡയറക്ടർ സമർപ്പിച്ച ശിപാർശയോടൊപ്പം ആയതിൽ വകുപ്പിന് തടസ്സമില്ലെന്നുള്ള തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നിരാക്ഷേപ പത്രം ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ചു. പ്രോജക്ട് മാനോജ്മെന്റ് യൂണിറ്റിലെ സീനിയർ സൂപ്രണ്ട് തസ്തികയിൽ ശ്രീ.രതീഷ് കുമാർ.പി.വിയെ നിയമിച്ച് കൊണ്ടുള്ള പരാമർശം (2) ലെ ഉത്തരവ് റദ്ദ് ചെയ്തും ടിയാൻ കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി തുടർന്നു വരുന്ന നടപടി സാധൂകരിക്കുന്നു. കൂടാതെ ശ്രീമതി.സുജ. ഇ. എൻ ന്റെ പ്രോജക്ട് മാനോജ്മെന്റ് യൂണിറ്റിലെ സീനിയർ സൂപ്രണ്ട് തസ്തികയിലെ സേവനകാലാവധി അന്യത്രസേവന വ്യവസ്ഥയുമായി ബന്ധപ്പെട്ട നിലവിലെ നിയമങ്ങൾക്ക് വിധേയമായി 13.07.2024 മുതൽ 2025 ജൂൺ 30 വരെ ദീർഘിപ്പിച്ചു നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

പകർപ്പ് :-
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രോജക്ട് ഡയറക്ടർ, പിഎംയു ആർകെഐ
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
ആസൂത്രണ സാമ്പത്തികകാര്യ(ആർ.കെ.ഐ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വെബ്& ന്യൂ മീഡിയ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Manju L S
Date: 04-02-2025 14:26:00

സെക്ഷൻ ഓഫീസർ